"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി അനു.കെ.ഐ ക്ക് ശൂന്യവേതനാവധി അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.1018/2024/AGRI തീയതി,തിരുവനന്തപുരം, 30-10-2024

---

പരാമർശം:- 1. 24/08/2017ലെ സ.ഉ.(പി) നം. 112/2017/ധന

2. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 08/06/2023, 09/10/2024 തീയതികളിലെ ADFW/7272/2021-SB4 നമ്പർ കത്തുകൾ.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ ആലപ്പുഴ സ്റ്റേറ്റ് സീഡ് ടെസ്റ്റിങ് ലബോറട്ടറിയിൽ സീനിയർ സീഡ് അനലിസ്റ്റ് (കൃഷി അസിസ്റ്റന്റ് ഡയറക്ടർ) തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി അനു.കെ.ഐ-യ്ക്ക് 02.10.2020 മുതൽ 22/07/2021 വരെ ആരോഗ്യപ്രശ്നങ്ങളാൽ ശൂന്യവേതന അവധി അനുവദിച്ചു ഉത്തരവാകുന്നതിലേക്കായി ടിയാന്റെ അവധി അപേക്ഷകൾ സഹിതം പരാമർശം (2) കത്തുകൾ പ്രകാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ സ്റ്റേറ്റ് സീഡ് ടെസ്റ്റിങ് ലബോറട്ടറിയിൽ സീനിയർ സീഡ് അനലിസ്റ്റ് (കൃഷി അസിസ്റ്റന്റ് ഡയറക്ടർ) തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി അനു.കെ.ഐ.-യ്ക്ക് 02/10/2020 മുതൽ 22/07/2021 വരെ KSR Part I ചട്ടം 88 പ്രകാരം ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി ശേഖരണം എന്നീ സേവന ആനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബാലഗോപാൽ കെ കെ**

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ശ്രീമതി അനു.കെ.ഐ (കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(AGRI-EA1/139/2023-AGRI)**

ഉത്തരവിൻ പ്രകാരം

Swathi

സെക്ഷൻ ഓഫീസർ